# പുതുവൈപ്പ് ഐ.ഒ.സി. ടെർമിനലിന്റെ നിർമ്മാണത്തിനായി പ്രഖ്യാപിച്ച നിരോധനാജ്ഞ നിയമവിരുദ്ധം: പ്രശാന്ത് ഭൂഷൺ

## (മുഖ്യമന്ത്രി പിണറായി വിജയന് അയച്ച കത്ത്)

**കൊച്ചി**-പുതുവൈപ്പിൽ ഇന്ത്യൻ ഓയിൽ കമ്പനി സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള എൽ.പി.ജി സംഭരണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സ്ഥലവാസികളുടെ എതിർപ്പിനെ തുടർന്ന് നിർത്തിവെക്കുകയും, തുടർന്ന് ഇത് പുനരാരംഭിക്കാൻ വേണ്ടി ജില്ലാ മജിസ്ട്രേറ്റ് ഇക്കഴിഞ്ഞ ഡിസംബർ 15 മുതൽ സ്ഥലത്ത് നിരോധനാജ്ഞ നിലവിൽ കൊണ്ടുവരുകയും ചെയ്തിരിക്കുകയാണല്ലോ. കായലും കടലും കൂടിച്ചേരുന്ന, പരിസ്ഥിതി ലോലവും, റംസാർ കൺവെൻഷൻ പ്രകാരം സംരക്ഷിതമേഖലയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതും, തീരദേശ നിയമത്തിന്റെ പരിധിയിൽ പെടുന്നതുമായ മേഖലയിലാണ് പദ്ധതി പ്രദേശം നിലകൊള്ളുന്നത്. പ്രസ്തുത പദ്ധതിക്ക് തീരദേശ സംരക്ഷണ നിയമപ്രകാരമുള്ള അനുമതി നൽകിക്കൊണ്ട് സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന് 09.12.2009ൽ നൽകിയ കത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് പദ്ധതി പ്രദേശം വേലിയേറ്റ രേഖയിൽ നിന്നും 200-500 മീറ്ററിനപ്പുറവും, പദ്ധതിയുടെ ഭാഗമായുള്ള പൈപ്പ്ലൈൻ 200-300 മീറ്ററിനപ്പുറവും ഉൾപ്പെടുന്നുണ്ട് എന്നാണ്. ഇതേ വസ്തുതകൾ പരിസ്ഥിതി മന്ത്രാലയം പദ്ധതിക്ക് നൽകിയ അനുമതി രേഖയിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പക്ഷെ, ഐ.ഒ.സി തികച്ചും നിരുത്തരവാദപരമായി തീരദേശ സംരക്ഷണ ചട്ടങ്ങൾ ലംഘിച്ച് മണ്ണുമാന്തി യന്ത്രങ്ങൾ കൊണ്ട് സി.ആർ.ഇസഡ്-1ൽ ഉൾപ്പെടുന്ന ഈ പ്രദേശത്ത് വലിയതോതിൽ കല്ലും പാറപ്പൊടിയും നിക്ഷേപിക്കുകയും, സ്ഥലത്തെ സ്വാഭാവിക പരിസ്ഥിതിക്ക് ഗുരുതരമായ ആഘാതമേൽപ്പിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

ഏകദേശം 65,000 ത്തോളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന എളങ്കുന്നപ്പുഴ പഞ്ചായത്തിൽ, വീടുകളിൽ നിന്നും വെറും 30 മീറ്റർ മാത്രം അകലത്തിൽ, നിരവധി വിദ്യാലയങ്ങളും, ആരാധനാലയങ്ങളും ഉൾപ്പെടുന്ന പ്രദേശത്ത്, മാരകമായ അപകട സാധ്യതയുള്ള എൽ.പി.ജി സംഭരണി സ്ഥാപിക്കുന്നത് സ്ഥലവാസികളുടെ സ്വത്തിനും ജീവനും ഉയർത്തുന്ന ഭീഷണി അതീവ ഗൗരവമുള്ളതാണ്. നിർദിഷ്ട പുതുവൈപ്പ് എൽ.പി.ജി സംഭരണശാലയുടെ പരമാവധി അപകട സാധ്യതാ പ്രദേശത്തിൽ (മാക്സിമം ഹസാഡ് സോൺ) ഫോർട്ടുകൊച്ചിയും വൈപ്പിനും അടക്കമുള്ള പ്രദേശങ്ങൾ ഉൾപ്പെടുമെന്നും, അതുകൊണ്ടുതന്നെ ഈ പദ്ധതി 20 ലക്ഷത്തോളം ജനസംഖ്യയുള്ള എറണാകുളം നഗരത്തിനു തന്നെ ഭീഷണിയാണെന്നും സ്വതന്ത്ര പഠനങ്ങൾ കാണിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട വസ്തുത ഐ.ഒ.സി സ്ഥാപിക്കാനുദ്ദേശിക്കുന്ന എൽ.പി.ജി സംഭരണി, പദ്ധതി പ്രദേശത്തിന് തൊട്ടടുത്ത് പുതുവൈപ്പിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എണ്ണ-പ്രകൃതിവാതക സംഭരണശാലകൾക്കു ഉയർത്തുന്ന സുരക്ഷാ ഭീഷണിയാണ്. ഇത്തരം അപകടസാധ്യതകളെക്കുറിച്ചെല്ലാം കമ്പനിയുടെ സുരക്ഷാ പഠന റിപ്പോർട്ട് മൗനം പാലിക്കുന്നു എന്നതാണ് നിർഭാഗ്യകരമായ വസ്തുത. ഇതു കൂടാതെയാണ് എൽപിജി വാതകത്തിൽ ചേർക്കുന്ന ഈതൈൽ മെർകാപ്റ്റൻ എന്ന രാസവസ്തു സമീപവാസികളുടെ ആരോഗ്യത്തിനും മത്സ്യപ്രജനനകേന്ദ്രങ്ങൾ ഉൾപ്പെടുന്ന പ്രാദേശിക പരിസ്ഥിതിക്കും ഉയർത്തുന്ന അപായസാധ്യത. നൂറുകണക്കിന് മീറ്റർ കടൽത്തീരം കൈയ്യേറുക വഴി ഈ പദ്ധതി സ്ഥലത്തെ മൽസ്യത്തൊഴിലാളികളുടെ ഉപജീവനത്തിനും കനത്ത ആഘാതമേൽപ്പിച്ചിരിക്കുന്നു. ഈ വസ്തുതകളൊക്കെ സെറാന ഫൌണ്ടേഷൻ, സലിം അലി ഫൌണ്ടേഷൻ, സംസ്ഥാന സർക്കാർ തന്നെ നിയോഗിച്ചിട്ടുള്ള പൂർണ്ണചന്ദ്രറാവു കമ്മിറ്റി എന്നിവ പദ്ധതിയെക്കുറിച്ചു നടത്തിയിട്ടുള്ള പഠനങ്ങളിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതുമാണ്.

മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്തും പദ്ധതിയെ ചൊല്ലിയുള്ള പരിസരവാസികളുടെ ആശങ്കകൾ മുൻനിർത്തിയും പദ്ധതി കിഫ്ബിയുടെ കീഴിൽ അമ്പലമേട്ടിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽസ് കോംപ്ലെക്സിലേക്കു മാറ്റി സ്ഥാപിക്കാനുള്ള ഒരു നിർദ്ദേശം സ്ഥലവാസികളുടെ സംഘടനയായ പുതുവൈപ്പ് എൽ.പി.ജി ടെർമിനൽ വിരുദ്ധ ജനകീയ സമര സമിതി വിദഗ്ധരുമായി കൂടിയാലോചിച്ച ശേഷം മുന്നോട്ടുവച്ചിട്ടുണ്ട്.

നിയമപരമായ വശത്തേക്ക് വരുമ്പോൾ, പദ്ധതിക്ക് അനുകൂലമായി ദേശീയ ഹരിത ട്രൈബ്യുണൽ നൽകിയ വിധിക്കെതിരെ പ്രദേശവാസികൾ നൽകിയ അപ്പീൽ കേരള ഹൈക്കോടതിയിൽ നിലനിൽക്കുകയാണ്. ട്രൈബ്യൂണൽ ചട്ടങ്ങൾക്ക് വിരുദ്ധമായി ഒരൊറ്റ ജഡ്ജി മാത്രമടങ്ങുന്ന ബെഞ്ച് പാസാക്കിയ എല്ലാ വിധിന്യായങ്ങളും റദ്ദുചെയ്തുകൊണ്ടുള്ള സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിലാണ് ഈ അപ്പീൽ നൽകിയിരിക്കുന്നത്. പദ്ധതിക്കെതിരെയുള്ള പരാതിയിൽ നിയമപരമായി തീർപ്പു കൽപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, പരിസരവാസികൾ പദ്ധതി പുനസ്ഥാപിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് വർഷങ്ങളായി സമാധാനപരമായി സമരം ചെയ്തു വരുമ്പോഴാണ്, ഇക്കഴിഞ്ഞ ഡിസംബർ 15ന്, ജില്ലാ മജിട്രേറ്റ് കൂടിയായ ജില്ലാ കളക്ടർ 144-ാം വകുപ്പ് പ്രകാരം വൈപ്പിൻ അടക്കം പുതുവൈപ്പ് പ്രദേശത്തു നിരോധനാജ്ഞ പ്രഖ്യാപിച്ചത്. മേൽപ്പറഞ്ഞ നടപടി അധികാര ദുർവിനിയോഗമാണെന്ന് മാത്രമല്ല, ഏതൊരു പൗരനും തങ്ങളുടെ ന്യായമായ ആവശ്യങ്ങൾ ഉയർത്തിക്കാട്ടാനും അവ അധികാരികളിലേക്ക് എത്തിക്കാനും വേണ്ടി ഇന്ത്യയുടെ ഭരണഘടന ആർട്ടിക്കിൾ 19(1)(b) പ്രകാരം ഉറപ്പു നൽകുന്ന സമാധാനപരമായി പ്രതിഷേധിക്കാനുള്ള അവകാശത്തിന്റെ ലംഘനവുമാണ്. മാത്രവുമല്ല, ഈ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി തന്നെ പുറപ്പെടുവിച്ചിട്ടുള്ള നിരവധി വിധിന്യായങ്ങൾക്കും എതിരാണ് ഈ നടപടി.

ഈ കാരണങ്ങളാൽ, പുതുവൈപ്പിലെ പ്രതിഷേധങ്ങളെ തടയാൻ ഉദ്ദേശിച്ചുകൊണ്ട് പ്രഖ്യാപിച്ച നിരോധനാജ്ഞ പിൻവലിക്കണമെന്നും, പദ്ധതി പുനഃസ്ഥാപിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സമര സമിതി മുന്നോട്ടുവച്ച ബദൽ നിർദ്ദേശം പരിഗണിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ■